## കത്തുകൾ

# വായനക്കാരന്റെ കത്തിനു വായനക്കാരുടെ മറുപടി

പ്രിയ ഡോ. സുരേഷ്,

'**കേ**രളീയം' നിലവാരം തകരുന്നുവെന്ന് കാണിച്ചൊരു കത്ത് താങ്കൾ കേരളീയത്തിലെഴുതിയിരുന്നല്ലോ. അതിന് പത്രാധിപരെഴുതിയ മറുപടിയും ഞങ്ങൾ വായിച്ചു. ഞങ്ങൾക്കു തോന്നിയ മറുപടി അതൊന്നുമല്ല. ഞങ്ങളും താങ്കളും വായനക്കാരാണല്ലോ. വായനക്കാർ തമ്മിലും അഭിപ്രായമാകാമല്ലോ.

'നിലവാരം തകരുന്നു' എന്നാർക്കും വേണമെങ്കിൽ എന്തിനെക്കുറിച്ചും പറയാം. പക്ഷേ, എങ്ങിനെതാണു എന്നു വിശദീകരിച്ചു കണ്ടില്ല അതുകൂടി കൊടുക്കേണ്ടതാണ് എങ്കിലതല്ലേ താങ്കൾ പഠിച്ചിട്ടു പറഞ്ഞൊരഭിപ്രായമായി തോന്നൂ. ശരിയല്ലേ?

''മനോരമ'യുടെയും 'മാതൃഭൂമി'യുടേയും പിന്നാലെ കേരളീയവും ഒരു സർക്കുലേഷൻ ബൂം' ഉണ്ടാക്കുന്നതിനുള്ള തത്രപ്പാടിലാണെന്നു തോന്നുന്നു''. എന്നു താങ്കൾ ആരോപിക്കുമ്പോൾ താങ്കളെടുത്തുപയോഗിച്ച പദങ്ങളുടെ അർത്ഥവ്യാപ്തി മനസ്സിലാക്കിയിരുന്നോ? (കേരളീയത്തിൽത്തന്നെ മുമ്പൊരിക്കൽ മനോരമയുടേയും മാതൃഭൂമിയുടേയും പേർ അങ്ങിനെയാക്കി ചില കാര്യങ്ങൾ പറഞ്ഞിരുന്നു. ജനകീയ വികാരം കത്തിക്കാളിയ പല സമരങ്ങൾക്കുനേരെയും അവരെടുത്ത നിലപാടുകൾ തുറന്നു കാട്ടാനായിരുന്നല്ലോ ആ പരിഹാസപ്പേർ കൊടുത്തത്) അതുപോലെ കേരളീയം ഏതെങ്കിലും ജനകീയ സമരങ്ങളെ കാണാതെ വിട്ടിട്ടുണ്ടോ? താങ്കൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ജനകീയ വികാരങ്ങൾ കേരളീയം തള്ളിക്കളഞ്ഞിട്ടുണ്ടോ? എങ്കിൽ താങ്കളുടെ വാദമുഖം ഞങ്ങളംഗീകരിക്കുന്നു.

'സർക്കുലേഷൻ ബൂം' ഉണ്ടാക്കാനായി മറ്റു പത്രങ്ങൾ വരിക്കാരെ വശീകരിക്കുന്ന രീതിയിൽ ഏജന്റുമാരെ വശീകരിക്കാൻ കേരളീയം എന്തു ചെയ്തു. ഒരു പത്രം വരിക്കാരെ വശീകരിക്കേണ്ടത് അതിന്റെ ധീരവും നിഷ്പക്ഷവുമായ പത്രധർമ്മം കൊണ്ടാണ്. അല്ലേ? അല്ലാതെ വരിക്കാർക്ക് ഇൻഷ്വറൻസ് നല്കിയും സ്വർണനാണയങ്ങളും സാരികളും നല്കിയിട്ടല്ല. കാരണം വരിക്കാരൻ പത്രം വാങ്ങുന്നത് സത്യസന്ധമായ വാർത്തകളറിയുന്നതിനാണ്. സമൂഹത്തിന്റെ ശരിയായ ദിശ കണ്ടെത്താനാണ്. പക്ഷേ, ഏജന്റിന്റെ കഥയെന്താണ് സർ? അതൊരു തൊഴിലല്ലേ? മനോരമയും ദേശാഭിമാനിയും ഒരുമിച്ചു വിൽക്കുന്ന ഏജന്റ് ഒരു തൊഴിലാളി മാത്രമാണ്. തൊഴിൽ ചെയ്താൽ കൂലി കിട്ടണം. കൂലിയെന്നത് പ്രതിഫലമാണ്. ഞങ്ങളുടെ പത്രം വിൽക്കുന്ന ഏജന്റിന് കമ്മീഷനു പുറമെ ഭാഗ്യസമ്മാനവും ഇൻഷ്വറൻസും സൗജന്യമായിട്ടുണ്ടെന്ന് പറഞ്ഞാൽപോലും അതൊരു ബോണസ്സായി കരുതാവുന്നതേയുള്ളൂ. കേരളീയം മാന്യമായ കമ്മീഷൻ കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അത് ന്യായമാണ്. അല്ലെന്നു താങ്കൾക്കു പറയാനാവുമോ? സർക്കാർ സർവീസിൽ ആതുരസേവനം നടത്തുന്ന അങ്ങേയ്ക്ക് വേതനവും ഓണത്തിനു സ്പെഷൽ അലവൻസും തരുന്നില്ലേ. ഒരു പത്രഏജന്റിനു കൊടുക്കുന്ന കമ്മീഷനും ആ തരത്തിൽ കരുതിയാൽ മതി. എന്നാൽ താങ്കളുടെ ആശുപത്രിയിൽ ചികിത്സയ്ക്കു വരുന്ന ഓരോ രോഗിക്കും എൽ.ഐ.സി.യിൽ സൗജന്യമായി ചേരാമെന്നൊരു വാഗ്ദാനം വന്നാൽ അത് 'സർക്കുലേഷൻ ബൂം' ഉണ്ടാക്കലാണ്. രോഗി ഡോക്ടറുടെയടുത്ത് വരേണ്ടത് ബാഹ്യപ്രലോഭനങ്ങൾ കൊണ്ടല്ല എന്നതുപോലെ ഒരു വരിക്കാരൻ പത്രത്തെ സമീപിക്കുന്നത് ബാഹ്യപ്രലോഭനങ്ങൾ കൊണ്ടാവരുത്. 'കേരളീയം' അങ്ങിനെ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ നിലവാരം തകർന്നെന്നല്ല, തകർന്നു തരിപ്പണമായി കുട്ടിച്ചോറായി എന്നു കൂവിയാർക്കണം.

ആരാണ് സർ ഇക്കാലത്ത് നിഷ്കാമ കർമ്മം ചെയ്ത് പത്രവിതരണം നടത്തുക? പാർട്ടിക്കാരും വിവിധ മതവിഭാഗങ്ങളുമിറക്കുന്ന പത്രങ്ങളുമുണ്ടല്ലോ അവർക്കുപോലും കിട്ടാത്ത സൗജന്യം ബദലുകളന്വേഷിക്കുന്ന ദരിദ്രവാസികൾക്കെവിടെനിന്നു കിട്ടാൻ. അങ്ങയെപ്പോലുള്ള ഉദാരമനസ്കർ പത്തോ നൂറോ കോപ്പി സൗജന്യമായി വിതരണം ചെയ്യുന്നുണ്ടാവാം. പക്ഷേ, അതുകൊണ്ടുമാത്രം ഒരു പത്രം നിലനിൽക്കുമോ?

പിന്നെ മാസത്തിൽ രണ്ടുതവണയിറക്കുമെന്നു പറഞ്ഞിരുന്നു. ഞങ്ങളും വായിച്ചതാണ് ബദലന്വേഷിക്കുന്നവരുടെ ഒരു കൊതിയല്ലേ സർ. ദിനപ്പത്രമാക്കണമെന്നോ മറ്റോ ആണ് മനസിലിരിപ്പ്. അവരായതുകൊണ്ട് ദ്വൈവാരികയെന്നല്ലേ പറഞ്ഞുള്ളൂ. കാപ്പുകം കൈയിലില്ലാതെ പത്രം തുടങ്ങിയവരൊക്കെ മുങ്ങിയ കഥകളെത്രയോ നമ്മുടെ മുന്നിലുണ്ട്! എല്ലാം സമാന്തര പത്രങ്ങൾ.

പ്രത്യേക സർക്കുലേഷൻ ബൂം സാധ്യമല്ല, വിദേശഫണ്ടില്ല. മതങ്ങളുടെ പിൻബലമില്ലാ രാഷ്ട്രീയക്കാരുമായി നീക്കുപോക്കില്ല. അവരുടെ വാലുമല്ല, പരസ്യങ്ങൾ തരുന്ന മുതലാളിമാരെ ആശ്രയിക്കുന്നുമില്ലാ കള്ളക്കടത്തോ കരിഞ്ചന്തയോ കഞ്ചാവുകൃഷിയോ ചെയ്ത് കരിമ്പണവും കൈയിലില്ല. പിന്നെങ്ങിനെ ഈ ദരിദ്രവാസികൾക്കു പത്രം നടത്താനുള്ള കാശുണ്ടാവും സർ? അങ്ങു തുടങ്ങി അത്രമാത്രം. തുടങ്ങിപ്പോയതുകൊണ്ട് കൊണ്ടുനടക്കണമല്ലോ. അതിനുള്ള തത്രപ്പാടല്ലേ നാമിന്നു കാണുന്നത്. കേരളീയത്തിന്റെ പത്രമുതലാളിമാർ സ്വപ്നം കാണുകയാണ്. നാളെ കേരളീയവും ഒരു ദിനപ്പത്രമാവും ഇവിടത്തെ സമൂഹത്തിന്റെ സ്പന്ദനങ്ങൾ നിയന്ത്രിക്കും. മാറ്റും, മറിക്കും, ചരിത്രം കുറിക്കും എന്നൊക്കെ (സ്വപ്നം കാണാൻ ആരുടെയും പാസുവേണ്ടല്ലോ. അല്ലേ). ഒരു സംരംഭം തുടങ്ങാനും നടത്തിക്കൊണ്ടു പോകാനുമുള്ള പങ്കപ്പാട് അങ്ങ് ലേശമെങ്കിലുമറിഞ്ഞിട്ടുണ്ടോ ആവോ! നമുക്കൊരു പള്ളിയോ അമ്പലമോ ക്ഷണനേരം കൊണ്ടുണ്ടാക്കാം. അതൊരു ആഗോള തീർത്ഥാടന കേന്ദ്രമാക്കാനും വലിയ വിഷമമില്ല. പക്ഷേ, യഥാർത്ഥ ജനകീയ സംരംഭങ്ങൾ തുടങ്ങാനും വിജയിപ്പിക്കാനും അത്ര എളുപ്പമല്ല.

പല ലേഖനങ്ങളും വസ്തുതകൾ വെളിവാക്കുന്നതിലുപരി ന്യൂനതകൾ കണ്ടെത്തുന്നതിനും ചിലപ്പോഴെങ്കിലും ഒരു പരദൂഷണത്തിന്റെ നിലയിലേക്കുപോലും എത്തിപ്പോകുന്നി

ശേഷം പേജ് 3